"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II - ശ്രീമതി. സ്മിത.പി.വി-ക്ക് കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അധികമായി അന്യത്രസേവനമനുഷ്ഠിച്ച കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1675/2026/LSGD  തീയതി,തിരുവനന്തപുരം, 05-09-2026

---

പരാമർശം:-

1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. 28/11/2013-ലെ സ.ഉ.(പി) നം.580/2013/ധന.
3. 02/08/2024-ലെ സ.ഉ.(സാധാ) നം.1417/2024/തസ്വഭവ.
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26/07/2025-ലെ 2325/E1/2024/KSHO നമ്പർ കത്ത്.
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13/03/2026-ലെ 2325/E1/2024/KSHO നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II, ശ്രീമതി.സ്മിത.പി.വി, പരാമർശം (3) പ്രകാരം, കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ ഓഫീസിലെ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ 08.08.2024 മുതൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 07/08/2025-ന് അവസാനിക്കുന്നതിനാൽ അന്യത്രസേവന കാലാവധി ദീർഘിപ്പിക്കുന്നതിനായി സൂചന (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

പ്രസ്തുത ശുപാർശ നിരസിച്ചിട്ടുള്ളതിനാൽ 18.08.2025-ന് ടിയാളെ മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്തിട്ടുണ്ടെന്നും കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ ഓഫീസിൽ, 08/08/2025 മുതൽ 18/08/2025 വരെയുള്ള കാലയളവിൽ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ, ശ്രീമതി.സ്മിത.പി.വി മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും, ടിയാളെ തൽസ്ഥാനത്ത് നിന്ന് മാറ്റുന്നത് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന അവസ്ഥയിലായിരുന്നതിനാലാണ് അന്യത്രസേവന കാലാവധി കഴിഞ്ഞും, ശ്രീമതി.സ്മിത.പി.വി, കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിൽ തുടർന്നതെന്നും സേവന കാലാവധിക്കു ശേഷവും അധികഅന്യത്ര സേവനം അനുഷ്ഠിച്ച ശ്രീമതി.സ്മിത.പി.വി യുടെ 08/08/2025 മുതൽ 18/08/2025 വരെയുള്ള സേവന കാലയളവ് ക്രമീകരിച്ച് നൽകണമെന്നും പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർവീസ് റൂൾസ് ഭാഗം-1, ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി, കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീമതി.സ്മിത.പി.വി-ക്ക്, ചട്ടത്തിൽ ഇളവ് നൽകി, കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ ഓഫീസിലെ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അധിക അന്യത്രസേവനമനുഷ്ഠിച്ച 08/08/2025 മുതൽ 18/08/2025 വരെയുള്ള കാലയളവ് അന്യത്രസേവന ദീർഘിപ്പിക്കലായി ക്രമീകരിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി ധർമലശ്രീ ഐ എ എസ്
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീമതി.സ്മിത.പി.വി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II, കേരള നിയമസഭാ സെക്രട്ടേറിയറ്റ്
(സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ് മുഖേന)
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (IA1/237/2025-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Satheesh Kumar S
Date: 07-09-2026
15:49:29
സെക്ഷൻ ഓഫീസർ